**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20.12.2024**

## പ്രധാനവാർത്തകൾ

1) പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് സമാപനം. ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.
2) വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള ടൗൺഷിപ്പിനായി രണ്ട് എസ്റ്റേറ്റുകൾ കണ്ടെത്തിയതായി റവന്യൂ മന്ത്രി കെ രാജൻ.
3) സംസ്ഥാനത്ത് തീരസംരക്ഷണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി പ്രത്യേക സമിതി രൂപീകരിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം.
4) ചലച്ചിത്രക്കാഴ്ചയുടെ അവിസ്മരണീയ ദിനരാത്രങ്ങൾ സമ്മാനിച്ച 29-ാം മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് സമാപനമായി.
5) സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകൾക്ക് സംസ്ഥാനത്ത് നാളെ തുടക്കം.
6) ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ മോഹൻ ബഗാനുമായി ഏറ്റുമുട്ടും

*****************************

RNU TVPM

## പാർലമെൻറ്

പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് സമാപനമായി. ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. അതിരൂക്ഷമായ പ്രതിഷേധങ്ങൾക്കാണ് സമാപന ദിവസത്തിൽ പാർലമെൻറ് വേദിയായത്. ഡോ. ബി.ആർ അംബേദ്കറുമായി ബന്ധപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ പ്രസ്താവനയ്ക്കെതിരെ ലോക്സഭയിൽ പ്രതിപക്ഷം പ്രതിഷേധമുയർത്തി. രാജ്യസഭയിലും രൂക്ഷമായ ഭരണ-പ്രതിപക്ഷ വാഗ്വാദമാണ് അരങ്ങേറിയത്. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച രണ്ട് ബില്ലുകൾ സംയുക്ത പാർലമെൻററി സമിതിയുടെ പരിഗണനയ്ക്ക് വിടാനുള്ള തീരുമാനം ഇതിനിടെ പാർലമെൻറ് കൈക്കൊണ്ടു. ലോക്സഭയിൽ നിന്ന് 27 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 12 പേരുമാണ് സമിതിയിലുള്ളത്. പാർലമെൻറിൻറെ അടുത്ത സമ്മേളനത്തിൻറെ അവസാന ആഴ്ചയിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും.

RNU TVM

******************************

## കെ രാജൻ - (ഇൻട്രോ)

വയനാട് ഉരുൾപ്പൊട്ടൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള ടൗൺഷിപ്പിനായി രണ്ട് എസ്റ്റേറ്റുകൾ കണ്ടെത്തിയതായി റവന്യു മന്ത്രി കെ രാജൻ. വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ 9 എസ്റ്റേറ്റുകളിൽ നിന്നാണ് രണ്ടെണ്ണം കണ്ടെത്തിയത്. ഒരുമിച്ച് പുനരധിവസിപ്പിക്കണമെന്ന ദുരന്ത ബാധിതരുടെ ആവശ്യം പരിഗണിച്ചാണ് ടൗൺഷിപ്പിനായി എസ്റ്റേറ്റുകൾ സർക്കാർ പരിഗണിച്ചതെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

ഭൂമി ഏറ്റെടുക്കലിനെതിരെ എസ്റ്റേറ്റ് ഉടമകൾ കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി അനുമതി ലഭിച്ചാലുടൻ ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുമെന്നും, ഇക്കാര്യത്തിൽ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നതായും ശ്രീ കെ രാജൻ വ്യക്തമാക്കി.

*****************************

## തീര സംരക്ഷണം - സമിതി

സംസ്ഥാനത്ത് തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനം. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. ജലവിഭവ, ഫിഷറീസ്, തുറമുഖ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ അടങ്ങുന്നതായിരിക്കും സമിതി. വിവിധ വിഷയങ്ങളിലെ ഏകോപനമാണ് സമിതിയുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. തീരസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ജലവിഭവ വകുപ്പ് പ്രവർത്തിക്കും. യോഗത്തിൽ മന്ത്രിമാരായ സജി ചെറിയാൻ, റോഷി അഗസ്റ്റിൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

RNU TVPM

*****************************

## ഐഎഫ്എഫ്കെ

ചലച്ചിത്രക്കാഴ്ചയുടെ ഏഴ് അവിസ്മരണീയ ദിനരാത്രങ്ങൾ ആസ്വാദകർക്ക് സമ്മാനിച്ച് 29-ാം മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് സമാപനമായി. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന സമാപന സമ്മേളനത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്ത്രീപക്ഷ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിച്ച മേള ഐക്യത്തിൻറെയും ഒരുമയുടെയും വേദിയായി മാറിയെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പറഞ്ഞു. ചലച്ചിത്ര ആസ്വാദകരുടെ അഭൂതപൂർവ്വമായ പങ്കാളിത്തം മേളയെ വൻ വിജയമാക്കായതായും അദ്ദേഹം പറഞ്ഞു.

സുവർണ ചകോരം, രജത ചകോരം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ സമ്മാനിക്കും. 'സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം സംവിധായിക പായൽ കപാഡിയ മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങും. സുവർണ ചകോരം നേടിയ ചിത്രത്തിൻറെ പ്രദർശനവും തുടർന്ന് നടക്കും.

*****************************

## ചോദ്യപ്പേപ്പർ - വിദ്യാഭ്യാസ മന്ത്രി (ഇൻട്രോ)

ചോദ്യപ്പേപ്പർ തയ്യാറാക്കൽ സംവിധാനം നവീകരിക്കുന്ന നടപടികളുമായി സർക്കാർ മുന്നോട്ടു പോകുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. ടേം പരീക്ഷകൾക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുമെന്നും അദ്ദേഹം തിരുനന്തപുരത്ത് വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ചോദ്യപേപ്പർ ചോർത്തുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടു വരുമെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. (ഹോൾഡ്)

RNU TVPM

*****************************

## സപ്ലൈകോ ഫെയർ

സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകളുടെ സംസ്ഥനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. . ഈ മാസം 30 വരെ നീളുന്ന വിപണന മേളയിൽ 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ ശബരി ഉൽപ്പന്നങ്ങളും 10 മുതൽ 40 ശതമാനം വിലക്കുറവിൽ ലഭിക്കും. ബ്രാന്റഡ് നിത്യോപയോഗ സാധനങ്ങൾക്ക് 5 മുതൽ 30 ശതമാനം വരെ വിലക്കുറവുണ്ട്. സപ്ലൈകോ ജില്ലാ വിപണനമേളകളിലും സൂപ്പർ മാർക്കറ്റുകളിലും നാളെ മുതൽ ഈ മാസം 30 വരെ ഉച്ചയ്ക്ക് രണ്ടര മുതൽ നാലുവരെ ഫ്ളാഷ് സെയിലും നടക്കും. സബ്സിഡിയിതര ഉൽപ്പന്നങ്ങൾക്ക് 10 ശതമാനം വരെ അധിക വിലക്കുറവ് ഈ സമയത്ത് ലഭ്യമാകും.

*****************************

## എം ടി

പ്രശസ്ത സാഹിത്യകാരൻ എം.ടി വാസുദേവൻ നായരുടെ ആരോഗ്യനില ഗുരുതരമായി തുടരുന്നു. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹത്തിന് ഹൃദയസ്തംഭനം ഉണ്ടായതായി ആശുപത്രി അധികൃതർ ഇന്ന് രാവിലെ മെഡിക്കൽ ബുള്ളറ്റിനിലൂടെ അറിയിച്ചിരുന്നു. അദ്ദേഹത്തിൻറെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായാണ് ആശുപത്രിയിൽ നിന്നും ലഭിക്കുന്ന വിവരം.

*****************************

## കലോത്സവം - ഷെഡ്യൂൾ

63 -ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ പ്രോഗ്രാം ഷെഡ്യൂൾ മന്ത്രി വി ശിവൻകുട്ടി പുറത്തിറക്കി. അടുത്ത മാസം 4 മുതൽ 8 വരെ തിരുവനന്തപുരം നഗരത്തിലെ 25 വേദികളിലായാണ് കലോത്സവം നടക്കുന്നത്. 249 മത്സരയിനങ്ങളിലായി 10,000 ത്തിൽപരം പ്രതിഭകൾ മാറ്റുരയ്ക്കും. കലോത്സവ ചരിത്രത്തിൽ ആദ്യമായി 5 ഗോത്ര നൃത്തരൂപങ്ങൾ കൂടി ഈ വർഷത്തെ കലോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണകപ്പ് ഘോഷയാത്ര ഈ മാസം 31 ന് കാസർഗോഡ് നിന്ന് ആരംഭിച്ച് ജനുവരി 3 ന് തിരുവനന്തപുരത്ത് എത്തും.

RNUTVPM

*****************************

## ശബരിമല (ഇൻട്രോ)

മണ്ഡല പൂജാ ദിനം അടുത്തുവരുന്നതോടെ അയ്യപ്പഭക്തരാൽ നിറഞ്ഞ് ശബരിമല സന്നിധാനം. ഇന്ന് വൈകുന്നേരം അഞ്ചുവരെയുള്ള കണക്കനുസരിച്ച് 71,000-ത്തോളം പേർ ദർശനം നടത്തി. മണ്ഡലപൂജ ഈ മാസം 26ന് നടക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി ശ്രീധർ.

(വോയ്സ്)

*****************************

## മനോഹർ ലാൽ

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം മറ്റന്നാൾ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിൻറെ ഭാഗമായി നടക്കും. തുടർന്ന് കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോ പ്രവർത്തനങ്ങളും വിലയിരുത്തും.

*****************************

## മഞ്ഞപ്പിത്തം-ജാഗ്രത

മഞ്ഞപ്പിത്ത വ്യാപനം സ്ഥിരീകരിച്ച കളമശ്ശേരിയിലെ 10,12,14 വാർഡുകളിൽ അതീവ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. മഞ്ഞപ്പിത്തം സ്ഥിരീകരിച്ച 13പേ രിൽ 2 പേരുടെ നില ഗുരുതരമാണ്. നഗരസഭാ പരിധിയിലെ ചില ഹോട്ടലുകളിൽ നിന്ന് ഭക്ഷണം കഴിച്ചവർക്കും മഞ്ഞപ്പിത്തം സ്ഥിരീകരിച്ചിട്ടുണ്ട്. 30ലധികം പേർക്ക് രോഗലക്ഷണമുണ്ട്. മഞ്ഞപ്പിത്ത വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുമെന്ന് ഇത് സംബന്ധിച്ച് ഇന്ന് വിളിച്ചുചേർത്ത അടിയന്തരയോഗത്തിൽ മന്ത്രി പി രാജീവ് പറഞ്ഞു.

RNU TVPM

*****************************

## വ്യാപാരി -ആത്മഹത്യ-വിഎൻ വാസവൻ

കട്ടപ്പന ഗ്രാമീണ സഹകരണ സംഘത്തിന് മുന്നിൽ വ്യാപാരി ആത്മഹത്യ ചെയ്ത സംഭവത്തിൽ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതായി മന്ത്രി വി എൻ വാസവൻ. റിപ്പോർട്ട് ലഭിച്ച ശേഷം സംഭവത്തിൽ കൂടുതൽ പ്രതികരിക്കാമെന്നും മന്ത്രി അടിമാലിയിൽ വ്യക്തമാക്കി. നിക്ഷേപത്തുക തിരികെ ലഭിക്കാത്തതിനെ തുടർന്നാണ് മുളങ്ങാശ്ശേരി സ്വദേശി സാബു ആത്മഹത്യ ചെയ്തതെന്നാണ് വിവരം. സംഭവത്തിൽ പ്രതിഷേധിച്ച് കോൺഗ്രസും ബിജെപിയും കട്ടപ്പനയിൽ ഹർത്താൽ നടത്തി.

*****************************

## ഷെഫീക്ക് കേസ്

കുമളിയിൽ ആറ് വയസുകാരൻ ഷെഫീക്കിനെ ക്രൂരമായി മർദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതികൾക്ക് തൊടുപുഴ ഒന്നാം അഡീഷണൽ ജില്ലാ കോടതി തടവ് ശിക്ഷ വിധിച്ചു. ഒന്നാം പ്രതിയും ഷെഫീക്കിന്റെ പിതാവുമായ ഷെരീഫിന് 9 വർഷം തടവും 50,000 രൂപ പിഴയും , രണ്ടാം പ്രതി രണ്ടാനമ്മ അനീഷക്ക് 15 വർഷം തടവുമാണ് ശിക്ഷ വിധിച്ചത്. കുട്ടിയെ പട്ടിണിക്കിട്ടും ക്രൂരമായി മർദിച്ചും കൊലപ്പെടുത്താൻ ശ്രമിച്ചതിന് 2013 ലാണ് ഇവർക്കെതിരെ കേസെടുത്തത്.

*****************************

## ഐഎസ്എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ മോഹൻ ബഗാനുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

*****************************

*****************************

************

RNU TVPM